# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**OFFICE OF THE PUBLIC RELATIONS**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in**

തീയതി : 17.02.2024

**പ്രസിദ്ധീകരണത്തിന്**

**ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ മെമ്മോറിയൽ എൻഡോവ്മെന്റും അനുസ്മരണ പ്രഭാഷണവും ഫെബ്രുവരി 20 ന്**

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സംസ്കൃതം ന്യായ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഡ്വാൻസ്ഡ് സ്റ്റഡി സെന്റർ ഫോർ ഇന്ത്യൻ ജ്യൂറിസ്പ്രൂഡൻസിന്റെ ആഭിമുഖ്യത്തിൽ മുൻ ചീഫ് ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ മെമ്മോറിയൽ എൻഡോവ്മെന്റും അനുസ്മരണ പ്രഭാഷണവും സംഘടിപ്പിക്കുന്നു. ഫെബ്രുവരി 20 ന് കാലടി മുഖ്യക്യാമ്പസിലെ അക്കാദമിക് ബ്ലോക്ക് ഒന്നിലെ സെമിനാർ ഹാളിൽ രാവിലെ 10.30 ന് ആരംഭിക്കുന്ന സമ്മേളനത്തിൽ മുൻ വൈസ് ചാൻസലർ ഡോ. എം. സി. ദിലീപ്കുമാർ അനുസ്മരണ പ്രഭാഷണം നടത്തും. മുൻ ചീഫ് ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണന്റെ ഭാര്യ മീര ബെൻ എൻഡോവ്മെന്റും രേഖകളും വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണന് കൈമാറും. പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി ആമുഖപ്രഭാഷണം നിർവ്വഹിക്കും. വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ അധ്യക്ഷനായിരിക്കും. സർവ്വകലാശാല സ്റ്റാൻഡിംഗ് കോൺസൽ അഡ്വ. ദിനേശ് മാത്യു മുരിക്കൻ, മുൻ സ്റ്റാൻഡിംഗ് കോൺസൽ അഡ്വ. അരുൺ ബി. വർഗീസ്, രജിസ്ട്രാർ ഡോ. പി. ഉണ്ണികൃഷ്ണൻ, അഡ്വാൻസ്ഡ് സ്റ്റഡി സെന്റർ ഫോർ ഇന്ത്യൻ ജ്യൂറിസ്പ്രൂഡൻസ് കോഓർഡിനേറ്റർ ഡോ. വി. കെ. ഭവാനി, ഡോ. കെ. ജി. കുമാരി എന്നിവർ പ്രസംഗിക്കും.

**ജലീഷ് പീറ്റർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ നം : 9447123075**